# പിഎം-കിസാൻ പദ്ധതി
# കേന്ദ്ര കർഷക ക്ഷേമ മന്ത്രാലയം
# കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

## പിഎം-കിസാൻ സ്കീമിലെ ഇ-കെവൈസി ചെയ്യുന്ന രീതികളും പ്രക്രിയകളും സംബന്ധിച്ച കുറിപ്പ്

**ചുരുക്കം:**

രാജ്യത്തുടനീളമുള്ള സ്വന്തമായി ഭൂമി കൈവശമുള്ള കർഷകരുടെ സാമ്പത്തിക ആവശ്യങ്ങൾക്ക് ആശ്വാസം നൽകുന്നതിന് വേണ്ടി 2019 ഫെബ്രുവരിയിൽ ആരംഭിച്ചതാണ് പിഎം-കിസാൻ പദ്ധതി. ഈ സ്കീമിന് കീഴിൽ, പ്രതിവർഷം 6,000/- രൂപ മൂന്ന് തുല്യ ഗഡുക്കളായി കർഷകരുടെ ആധാർ സീഡ് ചെയ്ത ബാങ്ക് അക്കൗണ്ടുകളിലേക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) വഴി നൽകുന്നു.

**എന്തുകൊണ്ട് eKYC?:**

പിഎം കിസാൻ പദ്ധതിയുടെ പ്രയോജനം അവരുടെ ആധാർ സീഡ് ചെയ്ത ബാങ്ക് അക്കൗണ്ടുകളിൽ ഇടനിലക്കാരുടെ ഇടപെടലുകളില്ലാതെ ഉദ്ദേശിച്ച ഗുണഭോക്താക്കൾക്ക് എത്തുന്നുവെന്ന് ഉറപ്പാക്കാൻ വേണ്ടി

**eKYC-യുടെ രീതികൾ:**

പിഎം-കിസാൻ പദ്ധതിയിലുൾപ്പെട്ട കർഷകർക്ക് ഇനിപ്പറയുന്ന മൂന്ന് രീതികളിൽ ഇ-കെവൈസി ചെയ്യാവുന്നതാണ്.

(i) OTP അടിസ്ഥാനമാക്കിയുള്ള ഇ-കെവൈസി (പിഎം-കിസാൻ പോർട്ടലിലും മൊബൈൽ ആപ്പിലും ലഭ്യമാണ്)
(ii) ബയോമെട്രിക് അധിഷ്ഠിത ഇ-കെവൈസി [കോമൺ സർവീസ് സെന്ററുകളിലും (സിഎസ്‌സി) സംസ്ഥാന സേവാ കേന്ദ്രത്തിലും (എസ്എസ്കെ) ലഭ്യമാണ്]
(iii) മുഖ പ്രാമാണീകരണം (Face Authentication) അടിസ്ഥാനമാക്കിയുള്ള ഇ-കെവൈസി (ദശലക്ഷക്കണക്കിന് കർഷകർ ഉപയോഗിക്കുന്ന പിഎം-കിസാൻ മൊബൈൽ ആപ്പിൽ ലഭ്യമാണ്)

**OTP അടിസ്ഥാനമാക്കിയുള്ള ഇ-കെവൈസി**

OTP അടിസ്ഥാനമാക്കിയുള്ള e-KYC നടപ്പിലാക്കാൻ, കർഷകന് ആധാർ ലിങ്ക് ചെയ്ത സജീവ മൊബൈൽ നമ്പർ ആവശ്യമാണ്. ഇതിനായി ചുവടെ നൽകിയിരിക്കുന്ന നടപടിക്രമം പാലിക്കുക:

i. PM-KISAN പോർട്ടൽ സന്ദർശിക്കുക (https://pmkisan.gov.in/)
ii. e-KYC യിൽ ക്ലിക്ക് ചെയ്യുക (വെബ്സൈറ്റിന്റെ മുകളിൽ വലത് കോണിൽ)
iii. നിങ്ങളുടെ ആധാർ നമ്പർ നൽകിയ ശേഷം ലഭ്യമാകുന്ന OTP നൽകി ഇ-കെവൈസി പൂർത്തിയാക്കുക

**ബയോമെട്രിക് അടിസ്ഥാനമാക്കിയുള്ള ഇ-കെവൈസി (e-KYC):**

ഈ സേവനങ്ങൾ നൽകുന്നതിനായി രാജ്യത്തുടനീളമുള്ള 4 ലക്ഷത്തിലധികം കോമൺ സർവീസ് സെന്ററുകളിലും (CSC)/ വിവിധ സംസ്ഥാന സേവാകേന്ദ്രങ്ങളിലും (SSK) സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കർഷകരുടെ വീടിനു സമീപത്തുള്ള CSC/ SSK സന്ദർശിച്ച് താഴെ പറയുന്ന നടപടി ക്രമം പാലിക്കുക

i. നിങ്ങളുടെ ആധാർ കാർഡും ആധാർ ലിങ്ക് ചെയ്ത മൊബൈൽ നമ്പറുമായി അടുത്തുള്ള CSC/SSK സന്ദർശിക്കുക

ii. ആധാർ അടിസ്ഥാനമാക്കിയുള്ള പരിശോധനയിലൂടെ ബയോമെട്രിക് പ്രാമാണീകരണം നടത്താൻ CSC/SSK ഓപ്പറേറ്റർ കർഷകനെ സഹായിക്കും.

**കുറിപ്പ്:**

i. ഏറ്റവും അടുത്തുള്ള CSC കണ്ടെത്തുവാനായി https://locator.csccloud.in/ എന്ന വെബ് സൈറ്റ് സന്ദർശിക്കുക

ii. ഇ-കെവൈസിക്ക് കൺവീനിയൻസ് ഫീസ് 15 രൂപയാണ്.

**മുഖ പ്രാമാണീകരണത്തിലൂടെ ഇ-കെവൈസി (e-KYC):**

കർഷകന് സ്വന്തം സൗകര്യത്തിനനുസരിച്ച് മൊബൈൽ വഴിയും ഇകെവൈസി ചെയ്യാവുന്നതാണ്. e-KYC ചെയ്യുന്നതിനുള്ള ഏറ്റവും നൂതനവും തടസ്സരഹിതവുമായ മാർഗമാണിത്. ഇതിന്റെ നടപടി ക്രമം ചുവടെ നൽകിയിരിക്കുന്നു:

i. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്ന് പിഎം-കിസാൻ മൊബൈൽ ആപ്പും (PMKISAN GoI)ആധാർ ഫേസ് ആർഡി ആപ്പും (AadharFaceRd)ഡൗൺലോഡ് ചെയ്യുക

ii. ആപ്പ് തുറന്ന് നിങ്ങളുടെ PM-KISAN ൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ വഴി ലോഗിൻ ചെയ്യുക

iii. ഗുണഭോക്താവിന്റെ സ്റ്റാറ്റസ് പേജിൽ കയറുക.

iv. e-KYC സ്റ്റാറ്റസ് 'No' ആണെങ്കിൽ, e-KYC യിൽ ക്ലിക്ക് ചെയ്യുക, തുടർന്ന് നിങ്ങളുടെ ആധാർ നമ്പർ നൽകി നിങ്ങളുടെ മുഖം സ്കാൻ ചെയ്യാൻ സമ്മതം നൽകുക.

v. നിങ്ങളുടെ മുഖം വിജയകരമായി സ്കാൻ ചെയ്താൽ eKYC പൂർത്തിയായി

## കുറിപ്പ്:

i. ഏത് രീതിയിലൂടെയും ചെയ്ത e-KYC യുടെ നില 24 മണിക്കൂറിന് ശേഷം പോർട്ടലിലെ ഗുണഭോക്താവിന്റെ ബെനിഫിഷ്യറി സ്റ്റാറ്റസിൽ (Beneficiary Status) പ്രതിഫലിക്കും.

ii. പിഎം-കിസാൻ പോർട്ടലിലെയും കിസാൻ-ഇമിത്രയിലെയും (പിഎം-കിസാൻ എഐ ചാറ്റ്ബോട്ട്) കെവൈഎസ് (KYS) മൊഡ്യൂളിൽ നിന്നും കർഷകർക്ക് അവരുടെ സ്റ്റാറ്റസ് മനസ്സിലാക്കുവാൻ സാധിക്കും